പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നം: **282**

06.01.2014 ൽ മറുപടിയ്ക്ക്

## നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ കുളത്തൂർ ടെക്നിക്കൽ സ്കൂളിലെ സാധനസാമഗ്രികളുടെ കടത്തൽ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ആർ. സെൽവരാജ് | | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ കുളത്തൂർ ടെക്നിക്കൽ സ്കൂളിലെ സാധന സാമഗ്രികൾ 6.12.2013-ൽ സാമൂഹ്യ വിരുദ്ധർ കടത്തിക്കൊണ്ട് പോയത് സംബന്ധിച്ച് ഏതെങ്കിലും കേസ് പൊഴിയൂർ പോലീസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത കേസിന്റെ എഫ്.ഐ.ആർ. -ന്റെ പകർപ്പ് ലഭ്യമാക്കാമോ ;<br><br>ബി) പ്രസ്തുത സാധനങ്ങൾ കടത്തിയതിലൂടെ എത്ര രൂപയുടെ നഷ്ടമാണ് ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; ഇതിനെതിരെ പോലീസ് സ്വീകരിച്ചിട്ടുള്ള നടപടി എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ; | (എ) & (ബി) | കുളത്തൂർ ടെക്നിക്കൽ സ്കൂളിലെ സാധന സാമഗ്രികൾ സാമൂഹ്യവിരുദ്ധർ കടത്തിക്കൊണ്ട് പോയതിൽ 10,000/- (പതിനായിരം) രൂപയുടെ നഷ്ടം സംഭവിച്ചുവെന്ന പരാതി സംബന്ധിച്ച് പൊഴിയൂർ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 679/2013 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. എഫ്.ഐ.ആർ.-ന്റെ പകർപ്പ് അനുബന്ധം - 1 ആയി ചേർത്തിട്ടുണ്ട്.<br><br>സ്കൂളിൽ നിന്നും നഷ്ടപ്പെട്ട സാധന സാമഗ്രികൾ തിരികെ ലഭിച്ചിട്ടുണ്ടെന്നും, സ്കൂളിന് നഷ്ടങ്ങളൊന്നും ഉണ്ടായിട്ടില്ലെന്നും, 06.12.2013-ൽ സ്കൂൾ മേധാവിയുടെ ചാർജ് വഹിച്ചിരുന്ന ടി സ്കൂളിലെ വർക്ക്ഷോപ്പ് ഇൻസ്ട്രക്റ്ററുടെ സ്റ്റേറ്റ്മെന്റിൽ പറഞ്ഞിട്ടുണ്ട്. |
| സി) ടെക്നിക്കൽ സ്കൂളിലെ സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള എല്ലാ വസ്തുവകകളും നിലവിൽ പ്രസ്തുത സ്ഥാപനത്തിൽ ഉണ്ടോ എന്ന് ഭൗതിക പരിശോധനയിലൂടെ പോലീസ് മഹസ്സർ തയ്യാറാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇപ്രകാരം നഷ്ടപ്പെട്ടതും, കേടുപാടുകൾ | (സി) | 06.12.2013-ൽ ടെക്നിക്കൽ സ്കൂൾ മേധാവി നൽകിയ സ്റ്റേറ്റ്മെന്റിൽ ഒരു സാധനങ്ങളും നഷ്ടപ്പെട്ടിട്ടില്ലായെന്നു പറയുകയാൽ സ്റ്റോക്ക് രജിസ്റ്റർ പരിശോധിക്കുകയോ മഹസ്സർ തയ്യാറാക്കുകയോ ചെയ്തിട്ടില്ല. കുളത്തൂർ ഗവ. ആർട്സ് |

സംഭവിച്ചിട്ടുള്ളതുമായ വസ്തുവകകളുടെ കണക്കും ഇതിലൂടെ സർക്കാരിനുണ്ടായിട്ടുള്ള നഷ്ടവും പൊതുമരാമത്ത് വകുപ്പ് എഞ്ചിനീയറെക്കൊണ്ട് തിട്ടപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ;

സയൻസ് കോളേജിനുണ്ടായ നഷ്ടം തിട്ടപ്പെടുത്തുന്നതിന് പാറശ്ശാല പൊതുമരാമത്ത് വകുപ്പ് അസിസ്റ്റന്റ് എഞ്ചിനീയർ, കെട്ടിട വിഭാഗത്തിന് അപേക്ഷ നൽകിയിട്ടുണ്ട്.

ഡി) ഇത് സംബന്ധിച്ച് പോലീസിന് ലഭ്യമായ, ടെക്നിക്കൽ സ്കൂൾ മേധാവിയുടെ സ്റ്റേറ്റ്മെന്റിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(ഡി) ടെക്നിക്കൽ സ്കൂൾ മേധാവിയുടെ സ്റ്റേറ്റ്മെന്റിന്റെ പകർപ്പ് അനുബന്ധം -2 ആയി ചേർത്തിട്ടുണ്ട്.

ഇ) ഈ വിഷയത്തിൽ 07.12.2013-ൽ പാറശ്ശാല പോലീസ് സർക്കിൾ ഇൻസ്പെക്ടർക്ക് സ്ഥലം എം.എൽ.എ. ഇ-മെയിൽ മുഖാന്തിരം നൽകിയ പരാതി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ .

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

എഫ് ഈ കേസ്സിൽ എത്ര പ്രതികളെ പോലീസ് പിടികൂടിയിട്ടുണ്ട് ; ഇതിലെ പ്രതികൾ ആരെല്ലാമാണ് ; ഇവരുടെ താമസസ്ഥലം എവിടെയാണെന്നും, ഇവർക്ക് ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയുമായി ബന്ധമുണ്ടോ എന്നും, ഇവരിൽ എത്ര പേർക്ക് സർക്കാർ ജോലിയുണ്ടെന്നുമുള്ള വിശദവിവരം ലഭ്യമാക്കാമോ ;

(എഫ്) പ്രതികളെ പിടികൂടുവാൻ സാധിച്ചിട്ടില്ല. ഈ കേസ്സിലെ കൃത്യത്തിൽ (1) തിരുപുറം വില്ലേജിൽ പൂവാർ ദേശത്ത് കൊടിവിളാകം മുസ്ലീം പള്ളിക്ക് സമീപം മൊയ്തീൻകണ്ണ് മകൻ 55 വയസ്സുള്ള ഖാദർ (2) കാരോട് വില്ലേജിൽ ടി ദേശത്ത് മാറാടിയിൽ ഭാസ്കര വിലാസത്തിൽ സരോജിനിയമ്മ മകൾ മുരുകേശ്വരി, വയസ്സ് 45 (3) ചെങ്കൽ വില്ലേജിൽ ആറയൂർ ദേശത്ത് ഈന്തിക്കാല കിഴക്കേ പുത്തൻവീട്ടിൽ ചെല്ലയ്യൻ നാടാർ മകൻ മോഹനൻ, വയസ്സ് 30 (4) സത്യദാസ് (5) വിജയൻ (6) ജോസ് എന്നിവർ ഉൾപ്പെട്ടിട്ടുള്ളതായി അന്വേഷണത്തിൽ തെളിഞ്ഞിട്ടുള്ളതാകുന്നു. ടിയാന്മാർക്ക് ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയുമായി ബന്ധമുണ്ടോ എന്ന് അന്വേഷണം നടത്തിവരുന്നു. ഈ കേസിലെ പ്രതികളിൽ സർക്കാർ ഉദ്യോഗസ്ഥർ ആരും തന്നെയില്ല.

(ജി) ഈ കേസിൽ പോലീസ് പറയുന്ന കണ്ടാലറിയാവുന്ന പ്രതികൾ ആരെല്ലാമെന്ന് വ്യക്തമാക്കാമോ ; ഇതിൽ കുളത്തൂർ ടെക്നിക്കൽ സ്കൂളിലെ ജീവനക്കാരുണ്ടോ ; എങ്കിൽ ആരെല്ലാമാണെന്ന് വ്യക്തമാക്കാമോ ; ഏതെല്ലാം ദിവസം പോലീസ് പ്രതികളെ പിടിക്കാൻ പരിശോധന നടത്തിയെന്നും, ഇതിന് ചുമതല വഹിച്ച ഉദ്യോഗസ്ഥർ ആരൊക്കെയാണെന്നും വ്യക്തമാക്കുമോ ?

(ജി) കണ്ടാലറിയാവുന്ന പ്രതികൾ ആരെല്ലാമാണെന്ന് അന്വേഷണം നടത്തിവരുന്നു. നാളിതു വരെയുള്ള അന്വേഷണത്തിൽ കുളത്തൂർ ടെക്നിക്കൽ സ്കൂളിലെ ഉദ്യോഗസ്ഥർ ഉൾപ്പെട്ടിട്ടുള്ളതായി വെളിവായിട്ടില്ല. 2013 ഡിസംബർ മാസത്തിൽ 6,7,8,10,12,17,23,28 എന്നീ ദിവസങ്ങളിൽ ഈ കേസിലെ പ്രതികളെ കണ്ടെത്തി അറസ്റ്റ് ചെയ്യുന്നതിന് അന്വേഷണം നടത്തിയിട്ടുള്ളതാകുന്നു. പൊഴിയൂർ പോലീസ് സ്റ്റേഷൻ സബ് ഇൻസ്പെക്ടർമാരായ ജി. സുരേന്ദ്രൻ, എൻ. വൽസലൻ എന്നിവരാണ് ഈ കേസിന്റെ അന്വേഷണ ചുമതല വഹിക്കുന്നവർ.

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**